LIBRARY ARCHIVES Kerala Legislative Assembly

## കുറ്റ്യാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

175 (5902) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിനു കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഭരണാനുമതിക്കായി കുറ്റ്യാടി മണ്ഡലത്തിൽ നിന്ന് ഇതിനകം സമർപ്പിച്ചതും ഇപ്പോൾ സർക്കാറിന്റെ പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ഡി) മണ്ഡലത്തിൽ ടൂറിസം മേഖലയിൽ ഏറെ സാധ്യത ഉള്ള ഏതെങ്കിലും പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ&ബി) നിലവിൽ പ്രവൃത്തികൾ ഒന്നും തന്നെയില്ല.

(സി) പദ്ധതികൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ഡി) ലോകനാർകാവ് ക്ഷേത്രത്തിനെ പിൽഗ്രിം ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

1. ഇംപ്രൂവ്മെന്റ്സ് ടു വടകര ലോകനാർകാവ് ടെമ്പിൾ റോഡ്
2. പിൽഗ്രിം ടൂറിസം സെന്റർ അറ്റ് ലോകനാർകാവ്

പൂയംകുറ്റിമല എന്ന സ്ഥലം ടൂറിസം വികസന സാദ്ധ്യതയുള്ള സ്ഥലമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## മലപ്പുറത്തെ പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ

176 (5903) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വിനോദസഞ്ചാര വകുപ്പ് പുതുതായി കണ്ടെത്തിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ എതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുഴയോര സ്നേഹ പാത ചമ്രവട്ടം എന്ന ടൂറിസ്റ്റ് കേന്ദ്രമാണ് പുതുതായി കണ്ടെത്തിയത്.

(ബി) ഉണ്ട്

(സി) സ്വീകരിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര വിപണനത്തിനായി സ്വീകരിച്ച നടപടികൾ**

177 (5904) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വിപണനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിനോദസഞ്ചാര വിപണനത്തിനുള്ള ഏറ്റവും നല്ല ഉപാധി വിനോദ സഞ്ചാരികൾക്ക് മികച്ച സേവനവും മാന്യമായ പെരുമാറ്റവും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വവും ഗതാഗതസൗകര്യവും ആയതിനാൽ ഇവയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമോ;

(സി) മെച്ചപ്പെട്ട വിനോദ സഞ്ചാര വിപണനത്തിനായി പ്രചരണ പരിപാടികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

- കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly